**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4903** **20-07-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗം ഫലപ്രദമായി തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | (എ) | കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട്, നാഷണൽ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസിന്റെ സഹകരണത്തോടെ അധ്യാപകർക്കുള്ള പരിശീലനവും പ്രതിരോധ പ്രവർത്തനങ്ങളും എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ നടത്തി വരുന്നു. ലഹരി ബോധവൽക്കരണവുമായി ബന്ധപ്പെട്ട് മൊഡ്യൂളുകളും കൈപ്പുസ്തകവും എസ്.സി.ഇ.ആർ.ടി യിൽ തയ്യാറാക്കിയിട്ടുണ്ട്. പാഠ്യ പദ്ധതിയിൽ ലഹരി ബോധവൽക്കരണവുമായി ബന്ധപ്പെട്ട വിഷയം ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ലഹരിക്കെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും കുട്ടികളെ നിരീക്ഷിക്കുന്നതിനും വേണ്ടി സ്കൂളിൽ Prahari Club/Children's Club രൂപീകരിക്കുകയും , ബോധവൽക്കരണ പരിപാടികൾ നടത്തി വരുകയും ചെയ്യുന്നുണ്ട്.<br><br>ലഹരിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി സ്കൂൾ ഗേറ്റിനു മുന്നിൽ ലഹരി വിൽക്കുന്നത് സെക്ഷൻ 24 പ്രകാരം കുറ്റകരമാണെന്ന ബോർഡ് സ്ഥാപിക്കുകയും ആയതിൽ ടോൾഫ്രീ നമ്പർ 1800-11-2536 രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കുട്ടികളെ മദ്യം, മയക്ക് മരുന്ന് എന്നിവ സ്വീകരിക്കുവാൻ പ്രേരിപ്പിക്കുന്ന വ്യക്തികൾക്കെതിരെ FIR Section 7 of Juvenile Justice Act 2015 പ്രകാരം കേസ് രജിസ്റ്റർ ചെയ്യണമെന്ന് സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>എൻ.എസ്.എസ്, എൻ.സി.സി, സ്കൗട്ട്സ്& ഗൈഡ്സ്, റെഡ് റിബൺ ക്ലബ്ബ്, എക്കോ ക്ലബ്ബ്, കൾച്ചറൽ ക്ലബ്ബ് എന്നിവ മുഖേന ലഹരി വിരുദ്ധ |

ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

മദ്യം മയക്കുമരുന്ന് എന്നിവ അധ്യാപകർ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനും വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പുതിയ സ്കൂളിന് അഫിലിയേഷൻ നൽകുന്ന അവസരത്തിൽ Section 6 of COTPA പ്രകാരം സ്കൂൾ സ്ഥിതി ചെയ്യുന്നതിന്റെ ഒരുവാര ചുറ്റളവിൽ സിഗററ്റ്, മദ്യം, മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവ വിതരണം ചെയ്യുന്നത് അനുവദിക്കുവാൻ പാടില്ല എന്ന് നിർദ്ദേശം നൽകുന്നതിനും ഇത്തരത്തിൽ ഒരു ഡിക്ലറേഷൻ സ്ഥാപന മേധാവിയിൽ നിന്നും എഴുതി വാങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഹയർ സെക്കന്ററി വിഭാഗത്തിൽ 1680 ഹയർ സെക്കന്ററി സ്കൂളുകളിൽ സൗഹൃദക്ലബിന്റെ ഭാഗമായി വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗത്തെക്കുറിച്ചുള്ള ക്ലാസ്സുകൾ നൽകുന്നുണ്ട്.കൂടാതെ സൗഹൃദക്ലബിന്റെ മുഴുവൻ കോ-ഓർഡിനേറ്റർമാർക്ക് 2018-2019 ൽ ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗത്തെക്കുറിച്ച് അത് തടയുന്നതുമായി ബന്ധപ്പെട്ട് ഒരു വിദഗ്ധ പരിശീലനം ഹയർ സെക്കന്ററി ഡയറക്ടറേറ്റ് നൽകിയിരുന്നു. ബാംഗ്ലൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസിൽ (NIMHANS), നിന്നും തെരഞ്ഞെടുക്കപ്പെട്ട സൗഹൃദ കോ-ഓർഡിനേറ്റർമാർക്ക് വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്.

സൗഹൃദ ക്ലബുള്ള 1680 ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്നും തെരഞ്ഞെടുത്ത 2 വീതം കുട്ടികൾക്ക് സ്റ്റുഡൻസ് ട്രെയിനിംഗിന്റെ ഭാഗമായി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗത്തെപ്പറ്റിയും അതുയർത്തുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ചും പരിശീലനം നൽകി. കൂടാതെ സൗഹൃദ ക്ലബിന്റെ ഡ്രോപ് ബോക്സിൽ ലഹരി പദാർത്ഥങ്ങളുമായി ബന്ധപ്പെട്ട പരാതികൾ എക്സൈസ് വകുപ്പിന് കൈമാറാൻ നിർദേശം നൽകിയിട്ടുമുണ്ട്. കൂടാതെ നാഷണൽ സർവ്വീസ് സ്കീം, സ്കൗട്ട് ആന്റ് ഗൈഡ്, എൻ.സി.സി, എസ്.പി.സി തുടങ്ങിയ ഏജൻസികളുമായി സഹകരിച്ച് ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം തടയുന്നതിന് എക്സൈസ് പോലീസ്, ആരോഗ്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ഏകോപനം സ്കൂളുകളിൽ സാധ്യമാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി വിദ്യാലയങ്ങളിൽ പൊതുവായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. വി.എച്ച്.എസ്.ഇ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളിൽ ലഹരി ഉപയോഗത്തിന്റെ പാർശ്വഫലങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ നടത്താറുണ്ട്. കൂടാതെ വകുപ്പ് തലത്തിൽ കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് സെല്ലിന്റെ നേതൃത്വത്തിൽ ഇൻസൈറ്റ് എന്ന പ്രോഗ്രാം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ